പതിനഞ്ചാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.255 07/06/2021-ൽ മറുപടിക്ക്

## ബി. എസ്. സി. നഴ്സിംഗ് പരീക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീമതി. വീണാ ജോർജ്<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ 2016 ആഗസ്റ്റിൽ ക്ലാസ്സ് തുടങ്ങി 2020 ആഗസ്റ്റിൽ കോഴ്സ് പൂർത്തിയാക്കിയ ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് കോവിഡ് പശ്ചാത്തലത്തിൽ ഇതുവരെയും പരീക്ഷ നടത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ 2016 ആഗസ്റ്റിൽ ക്ലാസ്സ് തുടങ്ങിയ ബാച്ച് 2020 ആഗസ്റ്റിൽ പഠനം പൂർത്തീകരിക്കേണ്ടത് ആണെങ്കിലും കോവിഡ് സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച ലോക്ക്ഡൗൺ മൂലം കോഴ്സ് 2021 ഏപ്രിലിലാണ് പൂർത്തീകരിക്കാൻ സാധിച്ചത്. 2020 മാർച്ചിൽ ലോക്ക്ഡൗൺ മൂലം പൂട്ടിയ കോളേജുകൾ 2021 ജനുവരിയിൽ മാത്രമാണ് തുറന്നത്. അതിനാൽ, നാലര മാസത്തെ അധ്യയനവും നിയമാനുസൃതമുള്ള ക്ലിനിക്കൽ പോസ്റ്റിംഗുകളും മുടങ്ങുകയുണ്ടായി. അധ്യയനം പൂർത്തിയാക്കിയ മുറയ്ക്ക് 2021 ഏപ്രിൽ 20 ന് അവസാന വർഷ പരീക്ഷ ആരംഭിക്കുവാൻ ടൈംടേബിൾ പ്രസിദ്ധീകരിയ്ക്കുകയുണ്ടായി. എന്നാൽ സർവ്വകലാശാല ചാൻസലറായ ബഹുമാനപ്പെട്ട കേരളാ ഗവർണ്ണറുടെ നിർദ്ദേശത്തെത്തുടർന്ന് ഈ പരീക്ഷകൾ മാറ്റി വയ്ക്കേണ്ടി വന്നു. പുന:ക്രമീകരിച്ച പരീക്ഷ മെയ് 5 ന് ആരംഭിച്ചുവെങ്കിലും ഒരു പരീക്ഷ കഴിഞ്ഞു വീണ്ടും ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ ഈ പരീക്ഷ വീണ്ടും മാറ്റിവയ്ക്കേണ്ടി വന്നു. ലോക്ഡൗൺ പിൻവലിക്കപ്പെടുന്ന മുറക്ക് ഈ പരീക്ഷകൾ 2021 ജൂൺ 14 കണക്കാക്കി പുനരാരംഭിയ്ക്കുവാൻ വേണ്ടുന്ന രീതിയിൽ ടൈംടേബിൾ 30.05.2021 -ൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് പുറത്തുള്ള നഴ്സിംഗ് കോളേജുകളിൽ ഇതേവർഷം പഠനം തുടങ്ങിയ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതി ജോലിയിൽ പ്രവേശിച്ചിട്ടും സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് അതിന് കഴിയാത്ത സാഹചര്യം ഉണ്ടായത് ആരോഗ്യ സർവ്വകലാശാലയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചമൂലമാണോയെന്ന് വ്യക്തമാക്കുമോ; | | |
| സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് എത്രയും വേഗം പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ